## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5684

09.07.2012-ലെ
മറുപടിക്ക്.

### സ്കൂളുകളുടെ ഘടനാ മാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. പി.എ. മാധവൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂളുകളുടെ ഘടനമാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഇതുവഴി നിലവിലെ സംവിധാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം സ്കൂളുകളിൽ ഘടനാമാറ്റം കൊണ്ടുവരുന്നതിന്റെ ഭാഗമായി സ്കൂൾതല ക്ലസ്റ്റർ പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ഒന്നു മുതൽ നാലുവരെയുള്ള എൽ.പി. സ്കൂളുകളിലും 5 മുതൽ 7 വരെയുള്ള യു.പി. സ്കൂളുകളിലും പുതിയതായി ക്ലാസ്മുറികൾ നിർമ്മിക്കാതെയും അദ്ധ്യാപകരുടെ പുനർവിന്യാസം ഒഴിവാക്കികൊണ്ടുമുള്ള പ്രായോഗിക തലത്തിലുള്ള ഒരു ഘടനാമാറ്റത്തിനായി സ്കൂൾ മാപ്പിംഗ് വഴി അയൽപക്ക സ്കൂൾതല ക്ലസ്റ്ററുകൾ രൂപീകരിക്കുന്നു. അഞ്ചാംക്ലാസ്സുള്ള ഒരു മാതൃസ്കൂളും ചുറ്റുമുള്ള ഫീഡർ എൽ.പി. സ്കൂളുകളും ഉൾപ്പെട്ടതാണ് ഒരു അയൽപക്കക്ലസ്റ്റർ. ഈ മാതൃസ്കൂളിന് ഫീഡർ സ്കൂളിൽ നിന്നും ഒരു കിലോമീറ്റർ കൂടുതൽ ദൂരം അഭിലഷണീയമല്ല. അതുപോലെതന്നെ എട്ടാം ക്ലാസ് ഉൾപ്പെട്ട മാതൃസ്കൂളും ചുറ്റുമുള്ള ഫീഡർ യു.പി. സ്കൂളുമുൾപ്പെട്ട അടുത്ത തലത്തിലുള്ള അയൽപക്ക ക്ലസ്റ്റർ. ഈ മാതൃ സ്കൂളിന് ഫീഡർ സ്കൂളിൽ നിന്നും മൂന്ന് കിലോമീറ്ററിൽ കൂടുതൽ ദൂരം |

| | | | |
|---|---|---|---|
| | | | അഭിലഷണീയമല്ല. ഓരോ അയൽപക്ക ക്ലസ്റ്ററിലുമുള്ള കുട്ടികൾ ഏറ്റവും കൂടുതലുള്ള സ്കൂളുകളെ മാതൃസ്കൂളായി മാറ്റുന്നു. മാതൃസ്കൂളുകളിലെ 5-ാം ക്ലാസ്സിനേയും 8-ാം ക്ലാസ്സിനേയും ഫീഡർ സ്കൂളിലേയ്ക്ക് കൊണ്ടുവരുന്നതിന് പകരം ആ ക്ലാസ്സുകളെ മാതൃ സ്കൂളുകളിൽ തന്നെ നിലനിർത്തി എല്ലാ ഫീഡർ സ്കൂളിലേയും കുട്ടികളെ മാതൃസ്കൂളുകളിലേയ്ക്ക് മാറ്റുന്നു. മാതൃസ്കൂളുകളിലെ അഞ്ചാം ക്ലാസ്സിലും എട്ടാം ക്ലാസ്സിലും തുടരുന്ന കുട്ടികളെ ഫീഡർ സ്കൂളുകളുടെ ഭാഗമാണെന്നുതന്നെ കണക്കാക്കി അവരുടെ നിയമപരമായ എല്ലാ രേഖകളും ഫീഡർ സ്കൂളുകളിൽ നിലനിർത്തുന്നു. നിശ്ചിത മാതൃസ്കൂളുകളിൽ കുട്ടികളെ ചേർക്കാതെ മറ്റു സകൂളുകളിൽ കുട്ടികളെ ചേർക്കാൻ ഉദ്ദേശിക്കുന്ന രക്ഷിതാക്കൾക്ക് അവർ നിർദ്ദേശിക്കുന്ന സ്കൂളുകളിലേക്ക് ടി.സി. നൽകുന്നു. നിർദ്ദിഷ്ട മാതൃസ്കൂളുകൾക്ക് എന്തെങ്കിലും അപര്യാപ്തതയോ, അസൗകര്യങ്ങളോ ഉണ്ടെങ്കിൽ ഒരു വർഷത്തിനുള്ളിൽ അവ പരിഹരിച്ച് മാതൃകാസ്കൂളാക്കി മാറ്റുന്നു. ഇതിലൂടെ ഫീഡർ സ്കൂളുകളിലെ ബഹുഭൂരിപക്ഷം കുട്ടികളേയും മാതൃസ്കൂളുകളിൽ തന്നെ നിലനിർത്താൻ കഴിയുന്നതാണ്. |
| (ബി) | ഘടന മാറ്റം ഏത് അദ്ധ്യയന വർഷം മുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്? | (ബി) | ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അന്തിമ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ